**പ്രസ് റിലീസ് 16-09-2018**

**ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്**

പ്രളയാനന്തര മാനസികാരോഗ്യ ദുരന്തനിവാരണം: ആശ്വാസമേകിയത് 1.85 ലക്ഷം പേര്‍ക്ക്

661 ക്യാമ്പ് സന്ദര്‍ശനങ്ങളും 1,00,187 ഭവന സന്ദര്‍ശനങ്ങളും നടത്തി

ഒരു വര്‍ഷം നീണ്ടു നില്‍ക്കുന്ന പ്രത്യേക മാനസികാരോഗ്യ പദ്ധതി

തിരുവനന്തപുരം: പ്രളയാനന്തരമുണ്ടായ വിവിധ തരത്തിലുള്ള മാനസിക സംഘര്‍ഷങ്ങള്‍ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബര്‍ 14 വരെയുള്ള കണക്കനുസരിച്ച് 1,85,538 പേര്‍ക്ക് സാമൂഹ്യ, മന:ശാസ്ത്ര ഇടപെടലുകളിലൂടെ സാന്ത്വനമേകാന്‍ കഴിഞ്ഞിട്ടുണ്ടെന്ന് ആരോഗ്യ, സാമൂഹ്യനീതി, വനിതാ ശിശുവികസന വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചര്‍. 10 ജില്ലകളിലായി 349 പരിശീലന പരിപാടികള്‍ വഴി ആശാവര്‍ക്കര്‍മാര്‍ ഉള്‍പ്പെടെ 16,671 പേര്‍ക്ക് മാനസികാരോഗ്യ ദുരന്തനിവാരണ പരിശീലനം നല്‍കിയാണ് ഇത് സാധ്യമാക്കിയത്. ഇവര്‍ 661 ക്യാമ്പ് സന്ദര്‍ശനങ്ങളും 1,00,187 ഭവന സന്ദര്‍ശനങ്ങളും നടത്തി. ഇതിനു പുറമേ കൂടുതല്‍ ഇടപെടലുകള്‍ ആവശ്യമുള്ള 1525 പേര്‍ക്ക് മാനസികാരോഗ്യ ചികിത്സയും നല്‍കിയിട്ടുണ്ട്. ഇതിനായി 10 ജില്ലകളിലായി 120 ടീമുകള്‍ പ്രവര്‍ത്തിച്ച് വരുന്നു. ആശാ പ്രവര്‍ത്തകര്‍ പരിശീലനം പൂര്‍ത്തിയാകുന്ന മുറയ്ക്ക് കൂടുതല്‍ ഭവന സന്ദര്‍ശനങ്ങള്‍ നടത്താനും അതുവഴി എല്ലാവര്‍ക്കും മാനസികാരോഗ്യ സേവനം ഉറപ്പുവരുത്തുവാനും കഴിയുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തുണ്ടായ ദുരന്തങ്ങളുടെ പശ്ചാത്തലത്തില്‍ ആരോഗ്യവകുപ്പ് ആഗസ്റ്റ് 18നാണ് എല്ലാ ജില്ലകളിലും മാനസികാരോഗ്യ ദുരന്ത നിവാരണ സംഘങ്ങള്‍ രൂപീകരിച്ചത്. ദുരന്തവുമായി ബന്ധപ്പെട്ട് ജില്ലകളിലെ മാനസികാരോഗ്യ പ്രവര്‍ത്തനങ്ങള്‍ മുഴുവന്‍ ഈ സംഘത്തിന്റെ കീഴില്‍ ഏകോപിപ്പിച്ചു. ആഗസ്റ്റ് 20ന് ഈ ടീമുകളെ വിപുലീകരിക്കുകയും ഓരോ ജില്ലയിലും ഒരു കോര്‍ ടീമും ഒന്നിലധികം ഇന്റര്‍വെന്‍ഷന്‍ ടീമുകളും രൂപീകരിക്കുകയുണ്ടായി. ജില്ലയുടെ പ്രവര്‍ത്തനങ്ങള്‍ എകോപിപ്പിക്കുവാനും റിപ്പോര്‍ട്ടുകള്‍ ക്രോഡീകരിക്കുവാനും

യഥാസമയം അയയ്ക്കുവാനും കോർ ടീമിനേയും ചുമതലപ്പെടുത്തി. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് മാനസികാരോഗ്യ സേവനം ആവശ്യമുള്ളവരെ കണ്ടെത്തി നൽകുവാൻ ഇന്ററർവൻഷൻ ടീമുകളെ ചുമതലപ്പെടുത്തി. ദുരന്തത്തിൽപ്പെട്ട മറ്റുള്ളവർക്ക് ആശ്വാസം പകരുവാനും അവരുടെ പ്രശ്നങ്ങൾ കേൾക്കുവാനും ഈ ടീമുകൾ ശ്രദ്ധിക്കുകയുണ്ടായി. ഇതിൽതന്നെ കുട്ടികളുടെയും പ്രായമായവരുടെയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ഉള്ളവർ വീടുകളിലേക്ക് പോകുന്ന മുറയ്ക്ക് വീടുകൾ സന്ദർശിച്ചുള്ള സേവനങ്ങളും ഇന്ററർവെൻഷൻ ടീമുകൾ തുടങ്ങുകയുണ്ടായി. ഇതിനോടൊപ്പം വനിതാ ശിശു വികസന വകുപ്പ് കണ്ടെത്തി നിംഹാൻസ് പരിശീലനം നൽകിയ കൗൺസിലർമാരെക്കൂടി ക്യാമ്പുകളും ഭവനങ്ങളും സന്ദർശിക്കുന്ന ടീമുകളിൽ ഉൾപ്പെടുത്തി.

ഇതിന്റെ രണ്ടാം ഘട്ടത്തിൽ പ്രവർത്തനങ്ങളെ വിപുലീകരിക്കുവാനും ഒരു സ്ഥിരം സംവിധാനം ആക്കുവാനുമാണ് ആശാ വർക്കർമാരെക്കൂടി ഉൾപ്പെടുത്തിയത്. ഇതിന്റെ ഭാഗമായി ദുരന്തം ബാധിച്ച എല്ലാ പഞ്ചായത്തുകളുടെയും ആശമാർക്ക് പരിശീലനം നൽകി. ഇതിനോടൊപ്പം ദുരന്തം ബാധിച്ച ജനങ്ങളുമായി ഇടപഴകുന്ന ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ, മെമ്പർമാർ എന്നിവർക്ക് ജനങ്ങളുമായി ഇടപഴകുവാനും അവർ പറയുന്നത് കേൾക്കുവാനും അവർക്ക് ആശ്വാസം നൽകുവാനുള്ള പരിശീലനവും നൽകി വരുന്നു.

ദുരന്തം കാരണം ഉണ്ടായ മാനസിക പ്രശ്നങ്ങൾ ആഴ്ചകൾ കഴിഞ്ഞ് പ്രത്യക്ഷപെടാം എന്നുള്ളതുകൊണ്ടും ഉൽകണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ ദീർഘകാലം നിണ്ടുനിൽക്കാം എന്നുള്ളതുകൊണ്ടും ദുരന്ത ബാധിത പ്രദേശങ്ങളിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യേക മാനസികാരോഗ്യ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.